**Mar Joseph Srampickal**
Bishop, Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular No. 01/2021 29 January 2021

# സുവിശേഷത്തിന്റെ ആനന്ദം

## സുവിശേഷവൽക്കരണത്തെ ത്വരിതപ്പെടുത്തുവാൻ രൂപതാ സമ്മേളനം

"ദൈവത്തിന്റെ ആഗമനദിനത്തെ പ്രതീക്ഷിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുവിൻ" (2 പത്രോ 3:12)

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

"ഈശോയെ കണ്ടെത്തുന്നവരുടെ ഹൃദയങ്ങൾ സുവിശേഷത്തിന്റെ ആനന്ദം കൊണ്ടു നിറയുന്നു." സുവിശേഷവൽക്കരണത്തെക്കുറിച്ചുള്ള പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ "സുവിശേഷത്തിന്റെ ആനന്ദം" എന്ന അപ്പസ്തോലിക പ്രബോധനം ആരംഭിക്കുന്നത് ക്രൈസ്തവജീവിതത്തിന്റെ അർത്ഥവും ദൗത്യവും ഏറ്റവും ലളിതവും സുന്ദരവുമായി നിർവചിക്കുന്ന ഈ വാക്കുകളോടെയാണ്. ഒരു കല്പനയുടെ അനുസരണമെന്നതിനേക്കാൾ ഹൃദയത്തെ നിറക്കുന്ന സ്നേഹാനുഭവത്തിന്റെ കവിഞ്ഞൊഴുകൽ പോലെ സ്വാഭാവികമായാണ് "മിശിഹായുടെ പരിമളം" (2 കൊറി 2:15) ലോകത്തിൽ പ്രസരിക്കുന്നത്. ഈശോയുടെ ജനനത്തെ 'സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത'യായിട്ടാണ് മാലാഖാമാർ ആട്ടിടയരെ അറിയിച്ചത്. അവരാകട്ടെ, തങ്ങൾ കണ്ടതും, ശിശുവിനെക്കുറിച്ചു പറയപ്പെട്ട കാര്യങ്ങളും മറ്റുള്ളവരോട് പങ്കുവെച്ചു. പാപം ക്ഷമിക്കപ്പെട്ടവരും രോഗം സുഖപ്പെട്ടവരും ആത്മാവിന്റെ വിശപ്പും ദാഹവും ശമിച്ചവരുമെല്ലാം അവിടുത്തെക്കുറിച്ചു പറയാൻ വെമ്പൽ കൊണ്ടു. ഉത്ഥിതനായ ഈശോയെ കണ്ടുമുട്ടിയതിന്റെ ആനന്ദമാണ് ലോകമെങ്ങും സുവിശേഷമറിയിക്കുവാൻ ശ്ലീഹന്മാരെ പ്രേരിപ്പിച്ചത്. പോപ്പ് എമരിറ്റസ് ബനഡിക്റ്റ് പതിനാറാമൻ പറയുന്നതുപോലെ ശ്ലീഹന്മാരെ ശക്തരാക്കുകയും സുവിശേഷകരാക്കുകയും ചെയ്ത അതേ റൂഹാദ്ക്കുദ്ശാ തന്നെയാണ് ഈ കാലഘട്ടത്തെ സുവിശേഷവത്ക്കരിക്കാൻ തിരുസ്സഭയെ നയിക്കുന്നത്. കോവിഡ് ദുരിതപൂർണ്ണമാക്കിയ സമകാലിക ജീവിതാവസ്ഥകളിൽ സുവിശേഷത്തിന്റെ വെളിച്ചം കൂടുതലായി സ്വജീവിതത്തിൽ സ്വീകരിക്കുവാനും മറ്റുള്ളവരിലേക്ക് പകരുവാനും നാം ശ്രമിക്കേണ്ടതുണ്ട്.

ഈശോയുടെ സുവിശേഷപ്രഘോഷണം ആരംഭിക്കുന്നതിനെക്കുറിച്ചു സുവിശേഷത്തിൽ നാം വായിക്കുന്നു: അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനത വലിയൊരു വെളിച്ചം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി വലിയൊരു പ്രകാശം ഉദയം ചെയ്തു. അപ്പോൾ മുതൽ ഈശോ പ്രസംഗിക്കാൻ തുടങ്ങി... (മത്താ 4:16 -17). ഇരുളിൽ പ്രകാശിക്കുന്ന, അതിനു കീഴടക്കാൻ കഴിയാത്ത

മനുഷ്യന്റെ വെളിച്ചമായ വചനം (യോഹ 1:4-5) ശ്രവിക്കുവാനും സ്വീകരിക്കുവാനും ജീവിക്കുവാനും പ്രഘോഷിക്കുവാനും നമ്മുടെ രൂപതയെ സജീവമാക്കുന്നതിനായി 2021 ഫെബ്രുവരി 27 ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1:30 മുതൽ 4:30 വരെ നമ്മുടെ രൂപത ഒരു കുടുംബമായി സമ്മേളിക്കുകയാണ്. ഈ പ്രത്യേകസാഹചര്യത്തിൽ "സുവിശേഷത്തിന്റെ ആനന്ദം" എന്ന പേരിലുള്ള ഈ ഒത്തുചേരൽ ഓൺലൈനിലാണ് ക്രമീകരിച്ചിരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. പ്രസ്തുത കൂടിവരവിൽ അനുഗ്രഹീത വചന പ്രഘോഷകരായ ഫാ. ജോർജ്ജ് പനയ്ക്കൽ വി. സി., ഫാ. സേവ്യർ ഖാൻ വട്ടായിൽ, ഫാ. ഡൊമിനിക് വാളന്മനാൽ, ഫാ. ഡാനിയേൽ പൂവണ്ണത്തിൽ, ഫാ. മാത്യു വയലാമണ്ണിൽ സി. എസ്. റ്റി., സി. ആൻ മരിയ എസ്. എച്ച്., ഷെവലിയാർ ബെന്നി പുന്നത്തറ, തോമസ് പോൾ, സാബു ആറുതൊട്ടി, ഡോ. ജോൺ ഡി. കൊല്ലം, സന്തോഷ് കരുമത്ര, മനോജ് സണ്ണി, സെബാസ്റ്റ്യൻ താന്നിക്കൽ, റെജി കൊട്ടാരം, സന്തോഷ് ടി., സജിത്ത് ജോസഫ്, ജോസഫ് സ്റ്റാൻലി, പ്രിൻസ് വിതയത്തിൽ, പ്രിൻസ് സെബാസ്റ്റ്യൻ എന്നിവർ സുവിശേഷവത്കരണത്തിന്റെ സമകാലിന സാധ്യതകളെയും മാർഗങ്ങളെയും കുറിച്ച് പങ്കുവയ്ക്കുന്നതാണ്. വളരെ സുപ്രധാനമായ ഈ രൂപതാ കൂട്ടായ്മയിൽ എല്ലാ വൈദീകരും സന്യസ്തരും അല്മായരും പങ്കെടുക്കേണ്ടതാണ്. നമ്മുടെ രൂപതയുടെ സുവിശേഷവത്ക്കരണശുശ്രൂഷകളെ ത്വരിതപ്പെടുത്തുവാൻ ഓരോ ഇടവകയിൽ/മിഷനിൽ/പ്രപ്പോസ്ഡ് മിഷനിൽ നിന്നും നാല് അല്മായ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും അവരുടെ പേരും അഡ്രസ്സും ബഹുമാനപ്പെട്ട സി. ആൻ മരിയ എസ്. എച്ച് നെ (Email: evangelisation@csmegb.org, Mob & Whatsapp: 07737302377) 2020 ഫെബ്രുവരി 20 ാം തീയതിക്ക് മുമ്പായി അറിയിക്കേണ്ടതുമാണ്. ഈ കാലഘട്ടത്തിന്റെ അടയാളമായ ഈ പ്രേഷിത സംഗമത്തിനുവേണ്ടി എല്ലാവരും പ്രത്യേകം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തേണ്ടതുമാണ്.

നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2021 ഫെബ്രുവരി 21ന് മുമ്പായി വായിക്കേണ്ടതാണ്.